(എഫ്) ഇത്തരത്തിലുള്ള ലാബുകളിൽ നടത്തുന്ന പരിശോധനാ ഫലങ്ങളുടെ അടിസ്ഥാനത്തിൽ ചികിത്സ നിർണ്ണയിക്കുന്നത് രോഗം മൂർച്ഛിക്കുന്നതിനും മരണം സംഭവിക്കുന്നതിനും ഇടയാക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഇല്ല. ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) ഒറ്റപ്പെട്ട ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) ഇല്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷനെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്ന രീതി

25 (*322) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനപ്രതിനിധികളുടെ കൂറുമാറ്റവും സ്ഥാന മാറ്റവുംമൂലം ഭരണ സ്തംഭനം ഉണ്ടാകുന്നുണ്ടോ ; അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷനെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്ന രീതി നടപ്പിലാക്കാമോ ;

(സി) ആയതിനാവശ്യമായ നിയമഭേദഗതികൾ കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) ഭരണ സ്തംഭനം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി)&(സി) ഇങ്ങനെ ചെയ്താലും അംഗങ്ങളുടെ കൂറുമാറ്റം ഒഴിവാക്കാൻ പറ്റുമെന്ന് തോന്നുന്നില്ല.

നഗര വികസനവുമായി ബന്ധപ്പെട്ട് എ.ഡി.ബി.യുമായി ഏർപ്പെട്ട കരാർ

26 (*323) ശ്രീ. ടി. കെ. ദേവകുമാർ :
ഡോ. തോമസ് ഐസക് :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരവികസനത്തിനായി എത്ര കോടി രൂപയാണ് എ.ഡി.ബി.യിൽ നിന്ന് സഹായമായി സംസ്ഥാന സർക്കാർ പ്രതീക്ഷിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സഹായത്തിന്റെ ഭാഗമായി എ.ഡി.ബി.യുമായി സംസ്ഥാന സർക്കാർ വല്ല കരാറിലും ഏർപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കരാറിലെ നിബന്ധനകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ നിബന്ധനകൾ നടപ്പിലാക്കാമെന്ന് സർക്കാർ എ.ഡി.ബി.ക്ക് കരാറിൽ ഉറപ്പു നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) 12,55,000 ഡോളറാണ് പ്രതീക്ഷിക്കുന്നത്.

(ബി) കരാർ ഒപ്പിട്ടിട്ടില്ല. എന്നാൽ എ.ഡി.ബി. അയച്ചു തന്ന കരട് എയിഡ് മെമ്മോയർ സർക്കാർ അംഗീകരിച്ച് ചില ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) എ.ഡി.ബി.യിൽ നിന്നും ലഭിച്ച കരട് എയിഡ് മെമ്മോയറും അതിൽ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതികളും* അനുബന്ധമായി ചേർക്കുന്നു.

(ഡി) എ.ഡി.ബി.യുമായി കരാർ ഒപ്പിട്ടിട്ടില്ല.

രജിസ്ട്രേഷൻ വകുപ്പിലെ കോമ്പൗണ്ടിംഗ് പദ്ധതി

27 (*324) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കി വരുന്ന കോമ്പൗണ്ടിംഗ് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ ;

(ബി) കോമ്പൗണ്ടിംഗ് പദ്ധതിയിലൂടെ നിലവിൽ എത്ര കേസ്സുകൾക്ക് തീർപ്പ് വരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) കോമ്പൗണ്ടിംഗ് പദ്ധതിയിലൂടെ സർക്കാരിന് ഇതുവരെ ലഭിച്ച അധിക വരുമാനം എത്രയെന്ന് അറിയിക്കാമോ ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) കോമ്പൗണ്ടിംഗ് പദ്ധതി പ്രകാരം 15-6-2003 വരെ മുദ്രവില ഇനത്തിൽ 8,22,45,507 രൂപയും രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 1,76,34,558 രൂപയും ഉൾപ്പെടെ ആകെ 9,98,80,065 രൂപ സമാഹരിച്ചിട്ടുണ്ട്. ഒരു വർഷ കാലാവധിയുള്ള ടി പദ്ധതി 12-8-2003-ൽ അവസാനിക്കും.

(ബി) 15-6-2003 വരെ 71142 കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്.

(സി) 15-6-2003 വരെ ലഭിച്ച വരുമാനം

മുദ്രവില	-	8,22,45,507 രൂപ
രജിസ്ട്രേഷൻഫീസ്	-	1,76,34,558 രൂപ
ആകെ	-	9,98,80,065 രൂപ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly